LIBRARY ARCHIVES Kerala Legislative Assembly

മത്സ്യമേഖലയുടെ വികസനത്തിന് ബഡ്ജറ്റ് വിഹിതം

189 (2016) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14-ലെ ബഡ്ജറ്റിൽ മത്സ്യമേഖലയുടെ വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുമായി ഏതെല്ലാം പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു ; എത്ര തുക വകയിരുത്തിയിരുന്നു ; വ്യക്തമാക്കാമോ ;

(ബി) ഓരോ പദ്ധതിക്കുമായി അനുവദിക്കപ്പെട്ട തുക എത്ര ; പിൻവലിക്കാതെ അവശേഷിച്ച തുക എത്ര ; വ്യക്തമാക്കാമോ ;

(സി) തുടർന്നുള്ള വർഷങ്ങളിൽ തുക അനുവദിക്കപ്പെട്ട പദ്ധതികളുണ്ടോ ; എങ്കിൽ എത്ര തുക വീതം അനുവദിച്ചു ; എത്ര വീതം പിൻവലിക്കാതെ അവശേഷിക്കുന്നു ; വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർണ്ണമായി നടപ്പിലാക്കാൻ കഴിയാത്തവ ഉണ്ടോ ; ഏതെല്ലാം വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) 2013-14 ബഡ്ജറ്റിൽ മത്സ്യമേഖലയുടെ വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുമായി 54 പദ്ധതികളും ഓരോ പദ്ധതിയ്ക്കും അനുവദിക്കപ്പെട്ട തുകയും സംബന്ധിച്ച വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.* 2013-14 വർഷത്തെ പദ്ധതിക്കായി അനുവദിക്കപ്പെട്ടവയിൽ പിൻവലിക്കാതെ അവശേഷിച്ച തുക ആകെ 5642.25 ലക്ഷമാണ്.

(സി) 2013-14 വർഷം അനുവദിക്കപ്പെട്ട പദ്ധതികളിൽ spill over നടത്തിപ്പിനായി തുടർന്നുള്ള വർഷങ്ങളിൽ തുക അനുവദിക്കേണ്ടിവന്നിട്ടില്ല.

(ഡി) പ്രസ്തുത പദ്ധതികളെല്ലാംതന്നെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

മത്സ്യത്തിന്റെ ഗുണനിലവാരം

190 (2017) ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ടി. എൻ പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിറ്റഴിക്കുന്ന മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്